**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

സംഗ്രഹം

വിഷയം: തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് - ശ്രീമതി സുഷമ എം.-നെ മുൻ പഞ്ചായത്ത് വകുപ്പിലെ ക്ലർക്ക് തസ്തികയിലെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:

1) ഇടുക്കി ജില്ലാ ജോയിൻറ് ഡയറക്ടറുടെ 06.12.2023 തീയതിയിലെ LSGD/JD/IDK/390/2023-A1 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 17.01.2020 ലെ PAN/20015/2018/E6(DP) നമ്പർ ഉത്തരവ്.
3) ഈ ആഫീസിലെ 27.03.2024 തീയതിയിലെ ഇതേ നമ്പർ നോട്ടീസ്.

**ഉത്തരവ് നമ്പർ LSGD/PD/68572/2023-GEA3തീയതി: 18-07-2024**

ഇടുക്കി ജില്ലയിൽ കുടയത്തൂർ ഗ്രാമ പഞ്ചായത്തിൽ ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി സുഷമ എം., കേരള പി.എസ്.സി. ഇടുക്കി ജില്ലാ ഓഫീസറുടെ 20.05.2017 ലെ അഡ്വൈസ് പ്രകാരം 05.07.2017 ൽ മുൻ പഞ്ചായത്ത് വകുപ്പിൽ ക്ലർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിരുന്നു. ടിയാളുടെ നിയമന ശുപാർശ Selection for PH Back Log vacancies എന്ന വിഭാഗത്തിലാണ്. ശ്രീമതി സുഷമയുടെ പേര് ക്ലർക്കുമാരുടെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പേര് ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

20.05.2017 തീയതിയിൽ ഇടുക്കി ജില്ലയിൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി സുഷമ എം. -നെ KS&SSR ചട്ടം 27(a)-ൽ രണ്ടാമത്തെ പ്രോവിസിയോയിലെ ക്ലിപ്ത നിബന്ധന പ്രകാരം പഞ്ചായത്ത് വകുപ്പിലെ ക്ലർക്കുമാരുടെ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള 01.01.2014 മുതൽ 31.12.2018 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ക്രമ നം. 1756 ശ്രീമതി സോജ കെ., ക്രമ നം. 1757 ശ്രീമതി സോന എം. കെ. എന്നിവർക്ക് മദ്ധ്യേ ക്രമ നം. 1756 A ആയി താത്ക്കാലികമായി ഉൾപ്പെടുത്തി പരാമർശം (3) നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. നോട്ടീസിന്മേൽ ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീമതി സുഷമ എം.-നെ സൂചന (2) പ്രകാരമുള്ള പഞ്ചായത്ത് വകുപ്പിലെ ക്ലാർക്കുമാരുടെ 01.01.2014 മുതൽ 31.12.2018 വരെയുള്ള അന്തിമ സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 1756 A ആയി ഉൾപ്പെടുത്തി സീനിയോറിറ്റി പട്ടിക പുനഃക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:

1. ജില്ലാ ജോയിൻറ് ഡയറക്ടർമാർ
2. ശ്രീമതി.സുഷമ (ഇടുക്കി ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE / DEC സെക്ഷനുകൾ
4. സിസ്റ്റം മാനേജർ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി